ശിപാർശ ചെയ്തിരുന്നു. ടി വിഷയം ജോലിഭാരം ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച സമിതി തയ്യാറാക്കിയ റിപ്പോർട്ടിലും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ച് 25-11-2020-ലെ സ.ഉ(കൈ)നം.229/2020/പൊഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വകുപ്പുകൾ തമ്മിലുള്ള തർക്കം കാരണം മുടങ്ങിയ പദ്ധതികൾ

8 (8) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള തർക്കം കാരണം പദ്ധതികൾ മുടങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ പദ്ധതികൾ മുടങ്ങിയത് കാരണം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള തർക്കങ്ങൾ സംബന്ധിച്ച കോടതി കേസുകൾ കൈകാര്യം ചെയ്ത വകയിൽ സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യത എത്രയെന്ന് വ്യക്തമാക്കാമോ?

(എ-സി) വകുപ്പുകൾ തമ്മിലുള്ള തർക്കംമൂലം പദ്ധതികൾ തടസ്സപ്പെടാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനമെന്താണെന്ന് വ്യക്തമാക്കാമോ; ഈ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിവിധ വകുപ്പുകൾ/പൊതുമേഖല സ്ഥാപനങ്ങൾ /കോർപ്പറേഷനുകൾ/ബോർഡുകൾ/സ്വയംഭരണസ്ഥാപനങ്ങൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായും ധനകാര്യം, ആഭ്യന്തരം, ആസൂത്രണം എന്നീ വകുപ്പുകളിലേയും വിഷയം കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട വകുപ്പിന്റെയും സെക്രട്ടറിമാരടങ്ങുന്ന ഒരു സമിതി പുനർരൂപീകരിച്ചുകൊണ്ട് 15-9-2021- ലെ സ.ഉ(കൈ)നം. 21/2021/ഉഭപവ. നമ്പർ പ്രകാരം ഉത്തരവായി. മേൽ സംവിധാനത്തിന്റെ ഫലപ്രദമായ നടത്തിപ്പിലേയ്ക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly